പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3286 — 21.08.2017 ൽ മറുപടിക്ക്

# എറണാകുളം മണ്ഡലത്തിൽ വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) എറണാകുളം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് വാട്ടർ ട്രാൻസ്പോർട്ടിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നുവോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (എ) സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 599/2015/ട്രാൻ. തീയതി 29.12.2015 പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുകയായ ഒരു കോടി രൂപ പി.ഡബ്ല്യ.ഡി ക്ക് എം.എൽ.എ ഫണ്ടിൽ നിന്നും ലഭ്യമാക്കി. എന്നാൽ പിന്നീട് ടി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സോയിൽ ടെസ്റ്റിംഗ് നടത്തിയതിൽ നിന്നും കോൺക്രീറ്റ് പൈലിംഗ് നടത്തിയതിനു ശേഷം മാത്രമെ കെട്ടിടം നിർമ്മിക്കാൻ സാധ്യമാവുകയുള്ളു എന്നും ആകയാൽ ജോലിയുടെ അടങ്കലിൽ മാറ്റം വരുത്തേണ്ടതുള്ളതിനാൽ നിലവിലെ പ്ലാൻ അനുസരിച്ചുള്ള കെട്ടിടം മുഴുവനായി നിർമ്മാണം പൂർത്തീകരിക്കാൻ ഒരു കോടി രൂപയ്ക്ക് മാത്രം ചെയ്യുന്ന ജോലി മാത്രം അടയാളപ്പെടുത്തിയ പ്ലാൻ വകുപ്പിന്റെ അനുമതിക്കായി പി.ഡബ്ല്യ.ഡി അയച്ചു തരികയും ചെയ്തു. എന്നാൽ ഇതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ ടി വിവരം 04.01.2017 -ൽ സർക്കാരിൽ അറിയിക്കുകയും ചെയ്തു. പി.ഡബ്ല്യ.ഡി, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കേണ്ടത് സൈറ്റ് പരിശോധന നടത്തി എല്ലാ വിശദാംശങ്ങളും ശേഖരിച്ച് ആവശ്യമായ മണ്ണുപരിശോധന നടത്തിയ ശേഷമാണെന്ന് സർക്കാർ അറിയിക്കുകയും ആകയാൽ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് പി.ഡബ്ല്യ.ഡി മുഖാന്തിരം ലഭ്യമാക്കി സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ആയതു പ്രകാരം പി.ഡബ്ല്യ.ഡി മുഖാന്തിരം ബന്ധപ്പെട്ട് വർക്കിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ നടപടി തുടർന്ന് വരുന്നു. പി.ഡബ്ല്യ.ഡി (കെട്ടിട വിഭാഗം), എറണാകുളം ആയത് ഇനിയും ലഭ്യമാക്കിയിട്ടില്ല. |

SR&L.

സെക്ഷൻ ഓഫീസർ